**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 51

29.06.2016- ൽ മറുപടിക്ക്

**കൺസ്യൂമർഫെഡ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**,, സി.കൃഷ്ണൻ**<br>**,, ഡി.കെ. മുരളി**<br>**,, പി. ഉണ്ണി** | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കണമെന്ന ഉദ്ദേശ്യത്തോടെ സ്ഥാപിച്ച കൺസ്യൂമർഫെഡ് ഇക്കാര്യത്തിൽ പരാജയപ്പെടാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്<br>ഉപഭോക്തൃ സാധനങ്ങൾ വാങ്ങുന്നതിന് ശരിയായ മാനദണ്ഡം ഇല്ലായ്മ, മൊബൈൽ ത്രിവേണി, ഫ്ലോട്ടിംഗ് ത്രിവേണി എന്നിവയുടെ പ്രവർത്തന വൈകല്യം, വിൽപ്പനയ്ക്കുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള പോരായ്മകൾ, ലാഭകരമല്ലാത്ത നന്മ, ത്രിവേണി സ്റ്റോറുകൾ, നിലവിലെ സാമ്പത്തിക പ്രതിസന്ധി, അധിക ജീവനക്കാർ, തുടങ്ങിയവ കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തിന് മങ്ങൽ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) കൺസ്യൂമർഫെഡിന്റെ വിപണന ശാലകൾ സ്വകാര്യവത്ക്കരിക്കാൻ ഉദ്ദേശ്യമുണ്ടോ; | (ബി) ഇല്ല |
| (സി) ജനോപകാരപ്രദമായി കൺസ്യൂമർ ഫെഡിനെ പുന:സംഘടിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉണ്ട്.<br>കൺസ്യൂമർഫെഡിനെ കൂടുതൽ ജനോപകാരപ്രദമായി മാറ്റുന്നതിന് ഉതകുന്ന തരത്തിൽ ചുവടെ ചേർക്കുന്ന സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.<br>1) ഇ.ടെൻഡർ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി.<br>2) ചെലവുകളിൽ നിയന്ത്രണം |

ഏർപ്പെടുത്തി സംവിധാനം അഴിമതി രഹിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) വിവിധ സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുന്നു.
4) വിവിധ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകും.
5) ഫെഡറേഷൻ ബൈലോ പ്രകാരമുള്ള ഭരണസംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു.
6) സപ്ലൈകോ നല്കുന്നതുപോലെ വർഷം മുഴുവൻ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കണമെന്ന ഫെഡറേഷന്റെ ശുപാർശ പരിശോധിച്ചു വരുന്നു.
7) വിപണന ശൃംഗല ശക്തിപ്പെടുത്തുന്നതിനും ഫെഡറേഷന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റേയും ഭാഗമായി കമ്പ്യൂട്ടർ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി വരുന്നു.
8) റംസാൻ വിപണിയിൽ ഇടപെടുന്നതിന് 5 കോടി രൂപ കൺസ്യൂമർഫെഡിന് നല്കുന്നതിന് ഭരണാനുമതി നല്കി. സർക്കാർ സബ്സിഡി ഇനത്തിൽ നൽകുവാനുണ്ടായിരുന്ന തുകയിൽ 35 കോടി രൂപ നൽകിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ